ബി. എം. എസ്. എൽ.പി. സ്കൂൾ

അമയന്നൂർ

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

പ്രൊഫൈൽ

സ്കൂളിന്റെ പേര് : സി. എം. എസ്. എൽ. പി. സ്കൂൾ അമയന്നൂർ

ജില്ല : കോട്ടയം

വില്ലേജ് : അയർക്കുന്നം

വാർഡ് : X പൂതിരി

നിയമസഭ മണ്ഡലം : പുതുപ്പള്ളി

ബ്ലോക്ക് : പള്ളം

താലൂക്ക് : കോട്ടയം

പഞ്ചായത്ത് : അയർക്കുന്നം

വിദ്യാഭ്യാസ ജില്ല : പാല

ഉപജില്ല : ഏറ്റുമാനൂർ

ബി. ആർ. സി : ഏറ്റുമാനൂർ

പ്രധമാധ്യാപിക : താജമ്മ. റ്റി. എം

ഫോൺ : 9495707961

PTA പ്രസിഡന്റ് : രെഞ്ചു മനോജ്

വാർഡ് മെമ്പർ : ചന്ദ്രിക സോമൻ

SRG. കൺവീനർ : ലിറ്റിമോൾ ഷാജി

സ്റ്റാഫ് സെക്രട്ടറി : സ്നേഹ മാത്യൂസ്

സ്കൂൾ ഇമെയിൽ : cmslpsamayannoor@gmail.com

You-tube : CMSLPS Amayannoor

## ആമുഖം

വിദ്യാലയത്തിലെ ഓരോ കുട്ടിയും നേടേണ്ട ധാരണകളും ശേഷികളും മനോഭാവങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി സമൂഹത്തിന്റെ രാഷ്ട്രത്തിന്റെ (ഉൽകൃഷ്ടമായി) ജീവിക്കുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുന്നതിലൂടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമായി മാറ്റിയെടുക്കുക.

## സ്കൂൾ ചരിത്രം

1889ൽ ക്രിസ്ത്യൻ മിഷനറിമാരാൽ സ്ഥാപിതമായതാണ് ഈ വിദ്യാലയം. സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന സാധാരണക്കാരായ ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി സ്ഥാപിച്ച ഈ കലാലയത്തിൽ നിന്നും അക്ഷരജ്ഞാനം ലഭിച്ച പലരും സമൂഹത്തിന്റെ ഉന്നത സ്ഥാനങ്ങളിൽ എത്തിയിട്ടുള്ളവരാണ്. പാലാ വിദ്യാഭ്യാസ ജില്ലയിൽ ഏറ്റുമാനൂർ ഉപജില്ലയിൽ ഈ വിദ്യാഭ്യാസ സ്ഥാപനം ഉൾപ്പെടുന്നു. ഇവിടെ 1 മുതൽ 4 വരെ ക്ലാസ്സുകളാണുള്ളത്. ഇവിടെ പഠിക്കുന്ന ഭൂരിപക്ഷം കുട്ടികളും നിർധന കുടുംബങ്ങളിൽ നിന്നുള്ളവരാണ്. പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ ഇവിടുത്തെ കുട്ടികൾ മുൻപന്തിയിലാണ്. നാടിന്റെ പുരോഗതിക്കുവേണ്ടി നിലകൊള്ളുന്ന ഈ സ്കൂൾ സി.എം.എസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലാണ് പ്രവർത്തിച്ചു വരുന്നത്.

## അധ്യാപകർ

ഹെഡ്മിസ്ട്രസ് - 1

എൽ.പി.എസ്.ടി - 3 (ദിവസ വേതനം)

# പൊതു ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളെയും അന്താരാഷ്ട്ര നിലവാരമുള്ള കുട്ടികളാക്കി മാറ്റുക.
2. എല്ലാ കുട്ടികളെയും ഉയർന്ന അക്കാദമിക നിലവാരത്തിലേക്ക് എത്തിക്കുക.
3. സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിയും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് നേടിയെടുക്കുക.
4. കലാകായിക പ്രവൃത്തി പരിചയ രംഗങ്ങളിൽ ഓരോ കുട്ടിയും അഭിരുചിക്കനുസരിച്ച് ദേശീയ അന്തർദേശീയ തലങ്ങളിൽ മികവ് തെളിയിക്കുന്നതിന് പ്രാപ്തരാക്കുക.
5. സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിയും അവന്റെ കഴിവും അഭിരുചിയും അനുസരിച്ച് തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുക.
6. ക്ലാസ് ഒരു പാഠപുസ്തകം എന്ന രീതിയിൽ സ്കൂൾ ക്ലാസ്മുറി മാറ്റിയെടുക്കുക.
7. കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തിയെടുക്കുക.
8. സ്കൂൾ ലൈബ്രറി ശക്തീകരിക്കുക, ക്ലാസ് ലൈബ്രറികൾ കൂടുതൽ പ്രയോജനപ്പെടുത്തുക.
9. കമ്പ്യൂട്ടർ ലാബ് നിർമ്മാണം ICT സാധ്യതകൾ കൂടുതൽ വികസിപ്പിക്കുക.
10. ജൈവ വൈവിധ്യ ഉദ്യാനം വികസിപ്പിക്കുക.
11. പഠനപ്രവർത്തനങ്ങളുടെ ഭാഗമായുള്ള ക്ലബ് പ്രവർത്തനങ്ങൾ,

* ദിനാചരണങ്ങൾ
* ആഘോഷങ്ങൾ
* പ്രാദേശിക വിഭവശേഖരണം
* നിർമ്മാണ പ്രവർത്തനങ്ങൾ
* സ്വാശ്രയ ശീലം വളർത്താനുള്ള പ്രവർത്തനങ്ങൾ

* ലഹരി വിമുക്ത ക്യാമ്പസ്, ലഹരി വിമുക്ത സമൂഹം
* ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ
* ഗ്രീൻ പ്രോട്ടോകോൾ
* പ്ലാസ്റ്റിക് രഹിത ക്യാമ്പസ്
* മാലിന്യ വിമുക്ത ക്യാമ്പസ്
* വ്യക്തി, പരിസര ശുചിത്വ പ്രവർത്തനങ്ങൾ
* സേവന പ്രവർത്തനങ്ങൾ
* മെച്ചപ്പെട്ട അക്കാദമിക നിലവാരം
* ഭിന്ന നിലവാരക്കാരെ പരിഗണിക്കുന്നത്
* കുട്ടികളുടെ ആവശ്യാനുസരിച്ച് കൗൺസിലിംഗ് നടത്തി പഠന പിന്തുണ ഉറപ്പാക്കുക.
* Talent Lab രൂപീകരണം
* ഗണിതലാബ്
* Computer lab
* വായനമൂല
* Class Library
* കളി ഉപകരണങ്ങൾ വാങ്ങൽ
* ലൈബ്രറി ശാക്തീകരണം.
* സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കൽ
* സ്കൂൾ ക്യാമ്പസ് ഹരിതാഭമാക്കൽ
* കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുക.
* CNSN കുട്ടികളുടെ നിലവാരം ഉയർത്തുക.

# അവസ്ഥാ വിശകലനം

## കുട്ടികളുടെ എണ്ണം 2025-26

| Class | Total | | | SC | | | ST | | | OBC | | | OEC | | | GENERAL | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T |
| 1 | 0 | 2 | 2 | 0 | 1 | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 1 |
| 2 | 1 | 4 | 5 | 0 | 1 | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 2 | 2 | 1 | 1 | 2 |
| 3 | 2 | 3 | 5 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2 | 2 | 4 | 0 | 1 | 1 |
| 4 | 4 | 3 | 7 | 2 | 1 | 3 | 0 | 0 | 0 | 0 | 0 | 0 | 1 | 2 | 3 | 1 | 0 | 1 |
| Total | 7 | 12 | 19 | 2 | 3 | 5 | 0 | 0 | 0 | 0 | 0 | 0 | 3 | 6 | 9 | 2 | 3 | 5 |

No. of class room : 5

No. of Toilets : 3

Drinking water : Well

Office room : 1

Staff room : Nil

Play ground : Yes

Ramp and rail : Yes

Laptop : 3

Projector : 1

Internet : No.

## തനത് പ്രവർത്തനങ്ങൾ

- അക്ഷരമുറ്റം
- വിജ്ഞാന മരം
- പിന്നാക്കക്കാർക്ക് പ്രത്യേക ക്ലാസ്സ്
- ഇംഗ്ലീഷ് ക്ലാസ്സുകൾ
- ഹിന്ദി -
- പ്രവൃത്തി പരിചയ പരിശീലനം
- കൗൺസിലിംഗ് ക്ലാസ്സുകൾ
- യോഗ ക്ലാസ്സുകൾ
- ജൈവ പച്ചക്കറിത്തോട്ടം
- ഔഷധ സസ്യത്തോട്ടം
- പൂന്തോട്ടം.
- L.S.S പരിശീലനം
- ക്രിസ്മസ് തോട്ടം.

## വിദ്യാലയ അനുബന്ധ പ്രവർത്തനങ്ങൾ.

- SRG.
- PTA
- സ്കൂൾ വികസന സമിതി
- Talent club
- വിദ്യാരംഗം
- സ്കൂൾ സംരക്ഷണ സമിതി
- ഗണിത ക്ലബ്
- ലൈബ്രറി
- സയൻസ് ക്ലബ്
- ഹെൽത്ത് ക്ലബ്
- പരിസ്ഥിതി ക്ലബ്

# English

Enrichment of English Language.

Learners are able to read and comprehends English and construct different types discourses targelled in the carriculam to a certain extend. They should also be able to speak, write and present English for different purposes

Activities

E-cube

Chance to hear English

Presentation of action songs and skits

Hellow English Programmes.

Language requisition through making an English atmosphere

Activities :- Interaction

: Self introduction

: conversations

: Talking personal experiences

Listening

Activities : Conducting Language games

: Rhymes (Choreography)

: stories, telling stories, acting as characters

: English assembly

: Prayer

: Pledge

: Story telling

: Elecution

: Rhymes

: Action Songs

: News reading

# മലയാളം

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ, മികച്ച വായനക്കാരെ സൃഷ്ടിക്കൽ എന്നിവയാണ് ഭാഷാപരമായ ലക്ഷ്യങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നത്. വായിച്ച് വളരുക, ചിന്തിച്ചു വിവേകം നേടുക എന്ന മഹത് വചനത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംരംഭം.

ലക്ഷ്യങ്ങൾ

* എല്ലാവർക്കും എഴുത്തും വായനയും
* അമ്മ വായന
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
* വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
* ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക.
* വായനാസാമഗ്രികൾ കണ്ടെത്തുക.
* ഭാഷയുമായി ബന്ധപ്പെട്ട ഐ.സി.ടി സാധ്യത സജ്ജീകരിക്കൽ.

## പ്രവർത്തനങ്ങൾ

1. അടിസ്ഥാനശേഷി പരിശോധന (pre test)

പ്രീ ടെസ്റ്റ് നടത്തുന്നു കൂടുതൽ പഠന പിന്തുണ ആവശ്യമായ കുട്ടികളെ കണ്ടെത്തുന്നു

2. അക്ഷരം ഉറപ്പിക്കൽ

ചിത്രങ്ങളിലൂടെ മലയാള ഭാഷ, അക്ഷരങ്ങൾ ഉറപ്പിക്കുന്നു. അക്ഷരകാർഡ് നൽകൽ, വാക്കുകൾ എഴുതിയ കാർഡ്, വാക്കുകൾ നിർമ്മിക്കൽ, വായനകാർഡ് നൽകൽ. വായനാ പുസ്തകം നൽകൽ

3. അടയാളങ്ങൾ ഉറപ്പിക്കൽ.

ചിത്രസഹായത്താൽ അടയാളങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ ചിത്രം - അടിക്കുറിപ്പ്, ചിത്ര - കഥ പറയൽ എന്നി പ്രവർത്തനങ്ങൾ നൽകുന്നു.

4. ചിത്രം അടിക്കുറിപ്പ്

ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ അധ്യാപികയുടെ സഹായത്തോടെ എഴുതൽ.

5. കഥ - ബാക്കി പറയൽ - എഴുതൽ

ഒരു കഥയുടെ കുറച്ചുഭാഗം നൽകുന്നു. ബാക്കി പറയിപ്പിക്കു എഴുതിപ്പിക്കുന്നു.

6. വായനാക്കൂട്ടം രൂപീകരിക്കൽ

സ്കൂളിലെ കുട്ടികൾക്ക് പുസ്തക വായിക്കാനും, വായനാക്കുറിപ്പ് എഴുതാനും അവസരം ഒരുക്കുന്നു.

7. കഥാ- പുസ്തകം നൽകൽ

വായന, കുറിപ്പ് തയ്യാറാക്കൽ

8. ഭിന്നശേഷിക്കാരെ പരിഗണിക്കൽ

ഭിന്നശേഷി കുട്ടികൾക്കായി പ്രത്യേകം പ്രവർത്തന പാക്കേജ് പ്രത്യേകം അധ്യാപകരുടെ സേവനം

9. അമ്മ വായന

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാനവസരം - വായനാകുറി - വായനാക്കുറിപ്പ് തയ്യാറാക്കൽ മികച്ച കുറിപ്പ് കണ്ടെത്തൽ.

10. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം

വായന, എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്താനവസരം. വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ സാഹിത്യകാരന്മാരെ പരിചയപ്പെടൽ.

11. ക്ലാസ്, സ്കൂൾ ബാലസഭകൾ

ഓരോ ക്ലാസിലും സ്കൂളിലും ബാലസഭ രൂപീകരിക്കണം. സ്കൂളിൽ യോഗം സംഘടിപ്പിക്കൽ സൃഷ്ടികൾ പരിചയം, പ്രകാശനം അവതരണം.

12. ഭിന്നശേഷികുട്ടികൾക്കായുള്ള പ്രവർത്തനങ്ങൾ

BRC, Special teachers എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കുള്ള പ്രവർത്തനം, ആസൂത്രണം, നടപ്പിലാക്കൽ

പ്രോത്സാഹനം സ്കൂൾ അസംബ്ലിയിലും ബാലസഭകളിലും പങ്കാളിത്തം ഉറപ്പാക്കൽ

13. ക്ലാസ് ലൈബ്രറി രൂപീകരിക്കൽ

കുട്ടികളുടെ സഹകരണത്തോടെ വായനക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം

14. സ്കൂൾ ലൈബ്രറി നവീകരണം

സ്കൂൾ ലൈബ്രറി നവീകരണം, പുസ്തക വിതരണം

15. പത്രവായന

വിവിധ പത്രങ്ങൾ ക്ലാസ്സിൽ ലഭ്യമാക്കൽ, പത്രക്വിസ് വാർത്ത തയ്യാറാക്കൽ, അസംബ്ലിയിൽ അവതരിപ്പിക്കൽ

16. രചനാപരിചയക്കുറിപ്പ് തയ്യാറാക്കൽ, അവതരണം.

കുട്ടികളെ വായനയുടെ ആഴത്തിൽ കൈപിടിച്ചു നയിക്കുന്നതിനായി രചനാപരിചയക്കുറിപ്പ് അവതരണം വായനയെ പ്രോത്സാഹിപ്പിക്കൽ എന്ന് പ്രധാനലക്ഷ്യം.

# ഗണിതം

ഗണിതപഠനം ആസ്വാദ്യകരവും അനുഭവാധിഷ്ഠിതവുമായ രീതിയിൽ അവതരിപ്പിക്കുമ്പോൾ കുട്ടികൾക്ക് അടിസ്ഥാന ഗണിതശാസ്ത്രം, തർക്കശക്തി, നിരീക്ഷണ ശേഷി തുടങ്ങിയവ വികസിപ്പിക്കാൻ സഹായിക്കുന്നു.

പ്രവർത്തന ലക്ഷ്യങ്ങൾ:-

- ഗണിതപഠനം സുഗമമാക്കുക. ഗണിതപ്പട്ടി നിർമാണം
- ഗണിതരൂപങ്ങളുടെ നിർമാണം
- ഗണിതലാബ് നവീകരിക്കൽ
- ഗണിതപഠനം മധുരതരമാക്കുക
- ഗണിത ക്ലബ്ബ് മെച്ചപ്പെടുത്തൽ
- ഗണിത കളികൾ സംഘടിപ്പിക്കുന്നു.
- ഗണിതപഠനത്തിൽ ഭിന്നശേഷിക്കാരെ പരിഗണിക്കുന്നു.

പ്രവർത്തനങ്ങൾ:-

* കുട്ടികൾക്ക് ഗണിതപഠനം ആസ്വാദകരമാക്കുന്നതിനാവശ്യമായ വസ്തുക്കൾ ശേഖരിക്കുക
* കുട്ടികളുടെ കലചലന വികാസത്തിനനുയോജ്യമായ ഗണിത രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ കണ്ടെത്തുന്നു. (എണ്ണം, രൂപം, അളവ്, പ്രദർശനം സംഘടിപ്പിക്കുന്നു.)

* വിദ്യാലയത്തിലെ ഒരു ഷെൽഫിൽ ഗണിത ലാബ് സജ്ജീകരിക്കുന്നു. ഗണിതലാബിലേക്ക് ആവശ്യമായ സാമഗ്രികൾ വാങ്ങുന്നു.
* ഗണിതപാട്ടുകൾ, ഗണിതക്വിസ് ശേഖരിക്കുന്നു.
* ഗണിതാശയങ്ങൾ പങ്കുവയ്ക്കാൻ അവസരം സൃഷ്ടിക്കുന്നു. ക്വിസ്, പാറ്റേൺ, പസിൽ, ജ്യാമിതീയ രൂപങ്ങൾ എന്നിവ ഉണ്ടാക്കുന്നു.
* പഠനലക്ഷ്യത്തെ അടിസ്ഥാനമാക്കി വ്യത്യസ്ത ഗണിത കളികളിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നു.
* ഭിന്നശേഷിക്കാർക്കനുയോജ്യമായ പഠനോപകരണങ്ങൾ തയാറാക്കുന്നു.

വിഷയം : പരിസരപഠനം

ലക്ഷ്യങ്ങൾ

1. ശാസ്ത്രാവബോധം വളർത്തുക.
2. ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം.
3. പ്രകൃതി വിഭവസംരക്ഷണം
4. പഠനയാത്ര :- പ്രകൃത്യനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ശേഖരിക്കുന്നതിന്
5. ശുചിത്വം :- ആരോഗ്യം സമ്പത്ത്
6. ശാസ്ത്ര വിസ്മയ ചുമർ
7. ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു.
8. ശാസ്ത്ര മാസിക നിർമ്മാണം

## പ്രവർത്തനങ്ങൾ

1. - പാഠഭാഗവുമായി ബന്ധപ്പെടുത്തി ലഘുപരീക്ഷണങ്ങൾ കണ്ടെത്തി അവതരണം.
   - ഉപജില്ലാ ശാസ്ത്രമേളകളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.

2. പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം

3. പ്രകൃതി വിഭവ സംരക്ഷണം
   ജൈവ-വൈവിധ്യ ഉദ്യാനം നിർമ്മാണം, പാർക്ക് തടയണ മഴക്കുഴി നിർമ്മാണം, ജലസ്രോതസ്സുകൾ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം.

4. ശാസ്ത്രയാത്ര:- പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക.

5. ആരോഗ്യ സമ്പത്ത് - കുട്ടികൾ തങ്ങളുടെ ശരീരം ക്ലാസ് റൂം പഠനമുറി എന്നിവ വൃത്തിയായി സൂക്ഷിക്കുന്നു.

6. ശാസ്ത്രപഠനം രസകരമാക്കാൻ ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ, പുതിയ അറിവുകൾ എന്നിവ ചുമരിൽ പ്രദർശിപ്പിക്കൽ.

7. ബോധവൽക്കരണ ക്ലാസുകൾ
- ലഹരിക്കെതിരെ
- ഭക്ഷ്യവിഷബാധയ്ക്കെതിരെ മുൻകരുതൽ
- വ്യക്തി ശുചിത്വം, പരിസരശുചിത്വം
- ജീവിത ശൈലീരോഗങ്ങൾ
- പോഷകാഹാരത്തിന്റെ പ്രാധാന്യം

8. ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന